ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതിനു് എനിക്കു് പൂർണ്ണമായ സന്നദ്ധതയാണുള്ളതു്. ഉടനെതന്നെ ഒരു സപ്ലിമെൻററി ഗ്രാൻറുകൊണ്ടുവേണം വേണമെങ്കിൽ ഇതൊക്കെ റിവൈവുചെയ്യാൻ കഴിയും. അതിനുവേണ്ടി ശ്രമിക്കാം.

ശ്രീ. ജി. ഗോപിനാഥൻ പിള്ള : ബ്ലോക്കുവഴി കൊടുത്തുകൊണ്ടിരുന്ന വണ്ടു സഹകരണസംഘങ്ങൾ വഴികൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : സഹകരണസംഘങ്ങൾ അവയുടെ നിയമമനുസരിച്ചാണു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന വ്യവസ്ഥയനുസരിച്ചു് കൊടുക്കാൻ പറ്റുമോയെന്നു് ഇപ്പോൾ പറയാൻ പറ്റുകയില്ല.

ശ്രീ. പി. കുഞ്ഞൻ : പ്ലാനിംഗ്ബോർഡിൻെറ ശുപാർശ വന്നതുകൊണ്ടു് ഒഴിവാക്കിയതാണോ ? അതോ സംഖ്യയുടെ കുറവുകൊണ്ടു ഒഴിവാക്കിയതാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇതു രണ്ടുമാണു്. സംഖ്യയുടെ കുറവും പ്ലാനിംഗ്ബോർഡിൻെറ ശുപാർശയും വന്നപ്പോൾ ആണു് നിർഭാഗ്യവശാൽ ഇതു തള്ളപ്പെട്ടുപോയതു്.

ശ്രീ. ഒ. കോരൻ : കൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംഗീതത്തെ ഉപയോഗിക്കാമെന്നു് കണ്ടതിൻെറ അടിസ്ഥാനത്തിൽ നമ്മുടെ അയൽ സ്റ്റേറായ മദ്രാസിൽ ഇതു പരീക്ഷിച്ചുനോക്കി സംഗീതം കൊണ്ടു് കൂടെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാമെന്നു് തെളിയിച്ചതായി ഗവണ്മെൻറിനറിയാമോ ? ആ പരീക്ഷണം നമ്മുടെ സംസ്ഥാനത്തും നടത്തി ഭക്ഷ്യോല്പാദനം നടത്താൻ തയ്യാറാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ആ പരീക്ഷണത്തിനു് ഇപ്പോഴുംതന്നെ സന്നദ്ധമാണു്. ബഹുമാനപ്പെട്ട മെമ്പർ കോരനും, ബഹുമാനപ്പെട്ട മെമ്പർ ചന്ദ്രസേനനുമൊക്കെ പാടുന്നതിനുള്ള എല്ലാ സൗകര്യവും നിലങ്ങളിൽ ഉണ്ടാക്കിത്തരാം.

ശ്രീ. ഒ. കോരൻ : ശാസ്ത്രീയമായ ഒരു പരീക്ഷണമെന്ന നിലയിൽ സംഗീതത്തെക്കൂടി ഭക്ഷ്യോല്പാദനപരിപാടികൾക്കു് ഉപയോഗിക്കുമോയെന്നാണു് ഞാൻ ചോദിച്ചതു് ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതുതന്നെയാണു് ഞാൻ പറഞ്ഞതു്. ആ കാര്യത്തിൽ ഇപ്പോഴുംതന്നെ ഏർപ്പാടുണ്ടാക്കിത്തരാം.

ശ്രീ. കെ. കെ. അബു : ഇന്നലെ ഇവിടെകേട്ട മാതിരിയുള്ള സംഗീതമാണെങ്കിൽ നമ്മുടെ കൃഷിമുഴുവൻ നശിച്ചുപോകും.

മി. സ്പീക്കർ : നമ്മുടെ ഈ സഭയിൽതന്നെ വേറെയും സംഗീതജ്ഞന്മാരുണ്ടു്.

ഭൂമി കയ്യേറ്റം

* 210. [734] ശ്രീ. കെ. ടി. ജോർജ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര മാത്രം സർക്കാർ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ടു് ;

(ബി) സർക്കാർ ഭൂമിയിലും സ്വകാര്യഭൂമിയിലും കയ്യേറ്റം നടത്തുന്നതിനു് മാർക്സിസ്റ്റു് പാർട്ടി നേതൃത്വം കൊടുത്തുവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഇക്കാര്യങ്ങളിൽ ഗവണ്മെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ടി. ജോർജ്ജ് : കൈയ്യേറിയ ഭൂമിയിൽനിന്നും കൈയ്യേറ്റക്കാരെ ഒഴിപ്പിക്കുന്ന അവസരത്തിൽ അവരുടെ രാഷ്ട്രീയപാർട്ടിയോടുള്ള ബന്ധംകൂടി പരിഗണിച്ചിട്ടാണ് അതു നടത്തുന്നതെന്നും, ഒഴിപ്പിക്കുന്ന കാര്യത്തിൽപോലും ഒരു ഇരട്ടത്താപ്പുനയമാണ് അനുവർത്തിച്ചുവരുന്നതെന്നും പരാതിയുള്ളതുകൊണ്ട് ഈ കാര്യത്തിൽ ഗവണ്മെന്റ് എന്തു നയമാണ് അനുവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെ പരാതിയൊന്നും ഉണ്ടായിട്ടില്ല. കെ. ടി. ജോർജ്ജ് സംസാരിക്കുമ്പോഴും അസംബ്ലിയിൽ ഇങ്ങനെ പറയാറുണ്ട്, രാഷ്ട്രീയ പരിഗണനവച്ചുകൊണ്ട് ആരെയും ഒഴിപ്പിക്കാറില്ല. ഗവണ്മെന്റ് അങ്ങനെ ചെയ്തിട്ടില്ല. ചെയ്യുകയുമില്ല. മെമ്പറുടെ ആരോപണം നിഷേധിക്കുന്നു.

ശ്രീ. കെ. ടി. ജോർജ്ജ് : മിച്ചഭൂമി കൈയ്യേറാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി ആഹ്വാനംനടത്തിയിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ കാര്യത്തിൽ ഗവണ്മെന്റിന്റെ നിലപാടെന്താണ് ?

ശ്രീമതി കെ. ആർ. ഗൗരി : അതിനെപ്പറ്റിയുള്ള ഒരു ചോദ്യം പ്രത്യേകമായി തന്നെ ഇവിടെയുണ്ട്. മിച്ചഭൂമി കൈയേറണമെന്നു മാർക്സിസ്റ്റുപാർട്ടി ആഹ്വാനം നടത്തിയിട്ടില്ല. കർഷകസംഘത്തിന്റെയും കർഷകത്തൊഴിലാളിയൂണിയന്റെയും പാർട്ടിയുടെയും സംയുക്താഭിമുഖ്യത്തിൽ ഉണ്ടായിട്ടുള്ള ഒരു പ്രസ്ഥാവന വന്നിട്ടുണ്ട്. കാർഷികപരിഷ്ക്കരണനിയമം വേഗം നടപ്പിലാക്കണമെന്നും കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും അനുകൂലമായി അതിനുള്ളിലുള്ള വകുപ്പുകൾ നടപ്പിലാക്കണമെന്നു ഗവണ്മെന്റിനോടഭ്യർത്ഥിക്കുകയും, ഗവണ്മെന്റ് അതിനു തുനിയുന്നില്ല എങ്കിൽ അതു നടപ്പിലാക്കുന്നതിനു ആവശ്യമായ നടപടികൾ എടുക്കുന്നതാണ് എന്നുമാണ് ആഹ്വാനം.

ശ്രീ. കെ. ടി. ജോർജ് : ഭൂപരിഷ്ക്കരണനിയമം ഉദ്ദേശിച്ച വേഗത്തിൽ പാസ്സാക്കാൻ കഴിയാതിരിക്കുന്ന അവസ്ഥ ഉണ്ടാകുകയും ഇങ്ങനെ പ്രഖ്യാപിച്ചിട്ടുള്ള പാർട്ടികൾ മിച്ചഭൂമി കൈയേറുകയും ചെയ്യുകയാണെങ്കിൽ ഗവണ്മെന്റ് എന്തു നിലപാടാണ് സ്വീകരിക്കാൻ പോകുന്നത് ?

ശ്രീമതി. കെ. ആർ. ഗൗരി : വരികയാണെങ്കിൽ എന്തു ചെയ്യുമെന്നാണ് ചോദ്യം. വരുമ്പോൾ ആലോചിക്കാം.

ശ്രീ. പി. കുഞ്ഞൻ : ഈ നാട്ടിലുള്ള മിച്ചഭൂമിയെല്ലാം ഭൂമിയില്ലാത്ത ഹരിജനങ്ങൾ കൈയേറണമെന്ന് കേന്ദ്രത്തിലെ ഒരു ബഹുമാനപ്പെട്ട മന്ത്രിതന്നെ അതായത് ജഗജീവൻറാം ആഹ്വാനം ചെയ്തതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : സർ, പത്രറിപ്പോർട്ടുകളാണ് ഇതെല്ലാം. അതു നേരായാണോ നേരാണോ എന്നുപറയാൻ പറ്റുകയില്ല.

ശ്രീ. കെ. ഐ. രാജൻ : സർ, ജഗജീവൻറാം നക്സൽബാരിയാണെന്നു പറഞ്ഞിട്ടുള്ളതിനെസംബന്ധിച്ചിടത്തോളം.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഓർഡർ, ഓർഡർ. ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ് : താമരശ്ശേരി, കോടഞ്ചേരി പ്രദേശത്തു് പത്തായിരം ഏക്കറോളം സ്ഥലം ഏതോ ഒരുവിഭാഗം ആളുകാർ തോക്കു്, പടക്കു് മുതലായ മാരകായുധങ്ങൾ ഉപയോഗിച്ചു് കൈയേറിയിരിക്കുകയാണെന്നും അവിടെ നിരന്തരമായി വെടിയും പടയും കേൾക്കുന്നുവെന്നും പോലീസു് ആരെയും അങ്ങോട്ടുവിടാതെ വലയം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന എന്നുമുള്ള സംഭവം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ നടക്കുന്നുണ്ടോ എന്നു ഗവണ്മെൻറു് അന്വേഷിച്ചോ?

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെയൊരു അടിയന്തിര നോട്ടീസു് ഇപ്പോൾ കിട്ടിയിട്ടുണ്ടു്. അല്ലാതെ എനിക്കു് ഇതിനെപ്പറ്റി യാതൊരു വിവരവുമില്ല. നോട്ടീസു് ഇല്ലാതെ ഇതിനെക്കുറിച്ചു് പറയാനൊക്കുകയില്ല.

ശ്രീ. കെ. എം. ജോർജ് : തൊടുപുഴ താലൂക്കിന്റെ കിഴക്കൻ ഭാഗങ്ങളിൽ ഗവണ്മെൻറുവക ഭൂമി കൈയേറിയവരെ അവിടെനിന്നും അടിച്ചിറക്കിയെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : അടിച്ചൊന്നും ഇറക്കേണ്ട. ആളുകൾ അങ്ങോട്ടു കേറുകയും പോലീസു് ചെല്ലുമ്പോൾ ഇറങ്ങുകയും ചെയ്യും. പലയിടത്തും ആളുകൾ കേറുകയും ചെയ്യും ഇറക്കുകയും ചെയ്യും. ഒരു പാർട്ടിയല്ല, സകല പാർട്ടികളും ഇതിന്റെ പിന്നിലുണ്ടു്. തൊടുപുഴ ഈയിടെ വനം കയ്യേറിയവരെ ഇറക്കിവിട്ടിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ് : എന്നെ കണ്ടാൽ കിണ്ണംകട്ടവനെന്നു തോന്നുമോ എന്നു ചോദിക്കാതെ തൊടുപുഴയിൽനിന്നോ പെരിഞ്ചാൻകുട്ടിയിൽനിന്നോ അടുത്ത കാലത്തു് കൈയേറിയിട്ടുള്ള ആളുകളെ പോലീസിനെയോ പട്ടാളത്തെയോ ഉപയോഗിച്ചു് അടിച്ചിറക്കിയിട്ടുണ്ടോ എന്നുപറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : പട്ടാളം ഈ ഗവണ്മെൻറിന്റെ കീഴിലല്ല. പോലീസു് ഈ ഗവണ്മെൻറിന്റെ കീഴിൽ വരും. ഇറക്കിവിട്ടതിനു് അടിച്ചിട്ടില്ല എന്നാണു് അറിവു്. പോലീസു് ചെന്നപ്പോൾ അവരിറങ്ങി. പിന്നെ ചില ആളുകൾ പറയും ഞങ്ങളുടെ പേരുകൂടി കുറിച്ചെടുത്തുകൊള്ളണമെന്നു് ചിലർ പറയും ഞങ്ങൾ പോകുകയാണു്, വെറുതെ ഇവിടെ ഒന്നു ചുറ്റിത്തിരിഞ്ഞു എന്നേയുള്ളൂ എന്നു്. എന്നെ കണ്ടാൽ കിണ്ണം കട്ടവനെന്നു തോന്നുമോ എന്നു് തനിയേ ചോദിച്ചാൽമതി, എന്നോടു ചോദിക്കേണ്ട.

ശ്രീ. ടി. എ. മജീദ് : കൈയേറ്റക്കാരെ ഒഴിപ്പിക്കുന്ന കാര്യത്തിൽ പോലീസു് വിവേചനപരമായി പ്രവർത്തിക്കുന്നു എന്നു ബോധ്യപ്പെട്ടതിയാൽ അതിനെപ്പറ്റി അന്വേഷണം നടത്തുമോ?

ശ്രീമതി കെ. ആർ. ഗൗരി : തീർച്ചയായിട്ടും അതു ചൂണ്ടിക്കാണിക്കുകയാണെങ്കിൽ ഗവണ്മെൻറു് നടപടിയെടുക്കും. പോലീസു് ചെയ്യാനുള്ള പ്രവൃത്തി ചെയ്യുന്നില്ലെന്നു കണ്ടാലും അതിനെപ്പറ്റി അന്വേഷിക്കും.

ശ്രീ. കെ. കരുണാകരൻ : താമരശ്ശേരി സംഭവത്തെ സംബന്ധിച്ചു് അവിടത്തെ കർഷകർ ഗവണ്മെൻറിനു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ഈ മെമ്മോറാണ്ടം എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. സാധാരണ മെമ്മോറാണ്ടങ്ങൾ വന്നാൽ എല്ലാം വായിക്കാൻ സാധിക്കുകയില്ല. നോട്ടീസു് വേണം.

ശ്രീ. കെ. എം. മാണി : സർ, ഇതിലെ (ബി) ചോദ്യത്തിനു് ഉത്തരമായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു പറഞ്ഞു. ഭൂപരിഷ്കരണനിയമം

LIBRARY ARCHIVES Kerala Legislative Assembly

പാസ്സായാലും പാസ്സായില്ലെങ്കിലും ഈ രാജ്യത്തെ മിച്ചഭൂമി മുഴുവൻ കൈയേറുന്നതാണെന്നു് കഴിഞ്ഞ 9–ാം തീയതി കർഷകസംഘം നേതാവു് ചാത്തുണ്ണിമാസ്റ്ററും യുവജനഫെഡറേഷൻ നേതാവു് മി. ചക്രപാണിയും ചേർന്നു് തിരുവനന്തപുരത്തുവച്ചു് പത്രപ്രസ്താവന ചെയ്തിട്ടുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : സർക്കാർ ഭൂമിയിലും സ്വകാര്യ ഭൂമിയിലും കയ്യേറ്റം നടത്തുന്നതിനു് മാർക്സിസ്റ്റു പാർട്ടി നേതൃത്വം കൊടുത്തുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നാണു് ചോദ്യം. മാർക്സിസ്റ്റു പാർട്ടി നേതൃത്വം കൊടുക്കുന്നില്ല. കർഷകസംഘത്തിലും യുവജനഫെഡറേഷനിലും ചിലപ്പോൾ മാർക്സിസ്റ്റുകാർ കാണും. ആ ആളുകൾ എന്തെങ്കിലും പറഞ്ഞാൽ അതു് പാർട്ടിയുടെ അഭിപ്രായമല്ല. പാർട്ടിയുടെ സ്റ്റേറ്റുമെൻറാണു് ഞാൻ പറഞ്ഞതു്. യുവജനഫെഡറേഷൻ യുവജനഫെഡറേഷനാണു്.

ശ്രീ. കെ. എം. മാണി : കർഷകസംഘത്തിന്റെ ഉത്തരവാദപ്പെട്ട പ്രവർത്തകനും മാർക്സിസ്റ്റു എം. എൽ. എ.യുമായ ശ്രീ. ചാത്തുണ്ണിമാസ്റ്റർ പറഞ്ഞിരിക്കുന്നു.....

മി. സ്പീക്കർ : അതിനു മറുപടി പറഞ്ഞതാണു്.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് യുവജനഫെഡറേഷനിലെയും കർഷകസമാജത്തിലെയും അംഗങ്ങൾ പറഞ്ഞതാണെന്നാണു്....

ശ്രീമതി കെ. ആർ. ഗൗരി : കർഷകസമാജവും കർഷകതൊഴിലാളിയൂണിയനുമൊന്നും മാർക്സിസ്റ്റുപാർട്ടികളല്ല. ഇതുരണ്ടും രണ്ടാണു്. യുവജന ഫെഡറേഷൻ യുവജനഫെഡറേഷനാണു്, മഹിളാ ഫെഡറേഷൻ മഹിളാ ഫെഡറേഷനാണു്, കർഷകതൊഴിലാളിയൂണിയൻ കർഷകതൊഴിലാളിയൂണിയനാണു്. അതുകൊണ്ടു് അത്തരത്തിലുള്ള ഒരു സ്റ്റേറ്റുമെൻറു് ആ സംഘടനകൾക്കുവേണ്ടിപറഞ്ഞാൽ അതു് കമ്യൂണിസ്റ്റുപാർട്ടിയുടെ ഔദ്യോഗികസ്റ്റേറ്റുമെൻറു് ആകുകയില്ല. ഭൂപരിഷ്കരണനിയമം നടപ്പിലാക്കണമെന്നും ഇല്ലെങ്കിൽ മിച്ചഭൂമി പിടിച്ചെടുക്കുന്നതിനോ ബിൽ പാസ്സാക്കിയെടുക്കുന്നതിനോ നടപടിയെടുക്കുമെന്നാണു് അവർ പറഞ്ഞിട്ടുള്ളതു്.

ശ്രീ. ബേബിജോൺ: മാർക്സിസ്റ്റുപാർട്ടി മിച്ചഭൂമി കയ്യേറുമെന്നുപറഞ്ഞു: ഏതു പാർട്ടിയെ ഉദ്ദേശിച്ചാണു് പറഞ്ഞതെന്നു ചോദിക്കാമോ? ഇവിടെ എത്ര മാർക്സിസ്റ്റു പാർട്ടി ഉണ്ടു്?

ശ്രീമതി കെ. ആർ. ഗൗരി: റവലൂഷനറി സോഷ്യലിസ്റ്റുപാർട്ടിയും ഉണ്ടു്.

ശ്രീ. കെ. ചാത്തുണ്ണിമാസ്റ്റർ: കർഷകസംഘം മിച്ചഭൂമിയും പുറമ്പോക്കും അർഹതയുള്ള ആളുകൾക്കു വിതരണംചെയ്തില്ലെങ്കിൽ പ്രക്ഷോഭണം ആരംഭിക്കുമെന്നും അതു കയ്യേറുമെന്നുമുള്ള നിലയിൽ അപവാദപ്രചരണം നടത്തുന്നതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഉത്തരമില്ല)

ശ്രീ. കെ. കരുണാകരൻ: മാർക്സിസ്റ്റുപാർട്ടിയിൽപ്പെട്ട ശ്രീ. ചാത്തുണ്ണിമാസ്റ്റർ ഭൂമികൈയേറ്റംസംബന്ധിച്ചു് 11–ാം തീയതി പുറപ്പെടുവിച്ച പ്രസ്താവന ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി: എഴുതിക്കൊടുത്ത പ്രസ്താവനയുടെ ഉള്ളടക്കമാണു് ഞാൻ നേരത്തെ വായിച്ചതു്. അല്ലാതെ പത്രത്തിൽവന്ന റിപ്പോർട്ടുകൾ ശരിയാണെന്നു പറയാനൊക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. മാധവൻനായർ: ഇന്നത്തെ ഗവണ്മെന്റ് അധികാരത്തിൽവന്നതിനു ശേഷം കാർഷികപരിഷ്ക്കരണനിയമം ചർച്ചചെയ്തുകൊണ്ടിരിക്കുന്ന വേളയിൽ നമ്മുടെ സംസ്ഥാനത്തുള്ള ഏതെങ്കിലും സ്വകാര്യവ്യക്തികളും മിച്ചഭൂമി വിട്ടുതരാമെന്നുപറഞ്ഞുകൊണ്ട് കത്തുകളും വല്ലതും അയച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ നടപടിസ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ മിച്ചഭൂമിയെല്ലാം വിട്ടുതരാമെന്നു പറഞ്ഞുകൊണ്ട്, ആരും സന്മനസ്സോടുകൂടി പറഞ്ഞതായി എനിക്ക് ഓർമ്മയില്ല.

ശ്രീ. എം. എം. തോമസ്: തൊടുപുഴതാലൂക്കിന്റെ കിഴക്കൻപ്രദേശങ്ങളിൽ കുടിയേറിയവരോട് പോലീസും ഫോറസ്റ്റും ഉദ്യോഗസ്ഥന്മാരും മൃഗീയമായി പെരുമാറി എന്നുള്ള വിവരം കിട്ടിയിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: നോട്ടീസുവേണം.

ശ്രീ. പി. പി. വിൽസൻ: എസ്റ്റേറ്റ് ഉടമസ്ഥന്മാരും വൻകിട കൃഷിക്കാരും ഗവണ്മെൻറിൽനിന്നും ലഭിച്ചിട്ടുള്ള ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നതിൽ ഭൂമിയില്ലാത്ത ആളുകളും കയ്യേറം നടത്തുകയാണെങ്കിൽ അവർക്ക് ആ ഭൂമി പതിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: അതു താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയുടെ ജോലികളിലൊന്നാണ്.

ശ്രീ. പി. എം. അബൂബേക്കർ: കോടഞ്ചേരി പ്രദേശത്തെ കൈയേറ്റത്തെ സംബന്ധിച്ച് അന്വേഷിക്കുവാൻചെന്ന പോലീസിനെയും പത്രപ്രവർത്തകരെയും പതിയിരുന്ന് ആക്രമിച്ചതായ വിവരം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: മെമ്പർതന്ന നോട്ടീസിന്റെ അവസാനഭാഗത്തു ഞാൻ ഇക്കാര്യം കണ്ട എന്നല്ലാതെ എനിക്ക് അതിനെപ്പറ്റി അറിഞ്ഞുകൂടാ.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: കണ്ണൂർ ജില്ലയിൽ കാട്ടാമ്പള്ളി പ്രദേശത്തുള്ള പാവപ്പെട്ട കൃഷിക്കാരനായ പി. സി. ഗോപാലൻനമ്പ്യാരുടെ കാർഷികവിളവ് അവിടെയുള്ള ഒരു കോൺഗ്രസ് പ്രമാണിയുടെ നേതൃത്വത്തിൽ മാരകായുധങ്ങളും മറ്റും ഉപയോഗിച്ച് ഭീഷണിപ്പെടുത്തി കൊയ്തുകൊണ്ടുപോയതായ പരാതി കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെപേരിൽ എന്തുനടപടി സ്വീകരിച്ചു എന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: നോട്ടീസ് വേണം.

ശ്രീ. എ. എസ്. പുരുഷോത്തമൻ: വലതുകമ്മ്യൂണിസ്റ്റുപാർട്ടിയുടെ അഖിലേൻഡ്യാ നേതാവായ രാജേശ്വരറാവു.....

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, വലതുകമ്മ്യൂണിസ്റ്റുപാർട്ടി എന്നു പറയുന്നതു ശരിയാണോ?

മി. സ്പീക്കർ: വലതുകമ്മ്യൂണിസ്റ്റുപാർട്ടി എന്നു പറയുന്നതിൽ ഒബ്ജക്ഷൻ ഉള്ളതുകൊണ്ട് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയെന്നു പറയണം.

ശ്രീ. എ എസ്. പുരുഷോത്തമൻ: ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ അഖിലേൻഡ്യാ നേതാവായ രാജേശ്വരറാവു മിച്ചഭൂമി പിടിച്ചെടുക്കുന്നതാണ് തങ്ങളുടെ നയമെന്നും ആന്ധ്രയിലും ബംഗാളിലും അങ്ങനെ പിടിച്ചെടുത്തതായും പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: രാജേശ്വരറാവുവിന്റെ പ്രസ്താവന ഞാൻ കണ്ടില്ല. എന്നാൽ പന്തളം പി. ആർ. മിച്ചഭൂമി പിടിച്ചെടുക്കുന്നതിൽ പോലീസ് ഇടപെടരുതെന്നും പറഞ്ഞു രു പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. എന്നാൽ അങ്ങനെ ചെയ്യുന്നതു് അച്ചടക്കം ഇല്ലാത്തതും കൊള്ളരുതായ്മയുമാണെന്നു് ശ്രീ. സി. അച്യുതമേനോന്റെ ഒരു പ്രസ്താവനയും കണ്ടു.

ശ്രീ. കെ. കെ. അബു: നമ്മുടെ സംസ്ഥാനത്തു് മിച്ചഭൂമി എത്രയുണ്ടെന്നുള്ളതിനു് വ്യക്തമായ ഒരു കണക്കെടുത്തു പെട്ടെന്നതന്നെ ഭൂരഹിതരായ ആളുകൾക്കു് വിതരണം ചെയ്യാൻ പ്രയാസം ഉണ്ടെങ്കിലും, ഇന്നു് ഒട്ടുംതന്നെ ഭൂമിയില്ലാത്തവർ ആരെങ്കിലും ഭൂമിയിൽ കൈയേറുന്നുണ്ടെങ്കിൽ അവർക്കു് ആ ഭൂമി കൊടുക്കുന്നതിൽ എന്താണു് പ്രയാസം?

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോഴും മിച്ചഭൂമി എത്രയുണ്ടെന്നു് തീരുമാനിക്കാൻ യാതൊരുവിധത്തിലുള്ള മാനദണ്ഡവുമില്ല. മിച്ചഭൂമി വെസ്റ്റ് ചെയ്യുന്നമെഷീനറിയുണ്ടു്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ പാസായാൽ ഒരു കുടുംബത്തിന്റെ കൈവശം ഇരിക്കുന്നതിൽ ഇത്ര മിച്ചഭൂമിയുണ്ടെന്നു് റിപ്പോർട്ട ചെയ്യാൻ ഓഫീസറന്മാരെ വയ്ക്കാൻ സാധിക്കും. അല്ലാതെ ഇപ്പോഴും യാതൊന്നും തന്നെ ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: ഗവണ്മെന്റു ഭൂമിയിൽ പ്രവേശിക്കുന്നവരെ അടിച്ചിറക്കാൻ പോലീസിനെ അയക്കാതിരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: ഗവണ്മെന്റിന്റെ തീരുമാനം എന്നു പറയുന്നതു് അതു് മന്ത്രിമാത്രം തീരുമാനിച്ചതല്ല. ക്യാബിനറ്റു എടുക്കുന്ന തീരുമാനമാണു്. 1-1-1968 നു് ശേഷമുള്ള കയ്യേറക്കാരെ ഇറക്കാനുള്ള ഉത്തരവാണു് ഇട്ടിട്ടുള്ളതു്.

ശ്രീ. കെ. കെ. അബു: ആകെയുള്ള മിച്ചഭൂമിയുടെ കണക്കു് ശേഖരിക്കാൻ പ്രയാസമുണ്ടെങ്കിലും, ഗവണ്മെന്റിന്റെ അധീനതയിലുള്ള ഭൂമി എത്രയുണ്ടെന്നും ആ ഭൂമിയിൽഭൂരഹിതരായ ആളുകൾ പ്രവേശിച്ചാൽ അവരെ അവിടെനിന്നും അടിച്ചിറക്കാതിരിക്കുന്നതിനുമുള്ള നടപടികളെടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: ഇതെല്ലാം ഹൈലവലിൽ ചർച്ച ചെയ്തു തീരുമാനിക്കേണ്ട ഒരു പ്രശ്നമാണു്. മണിയങ്ങാടൻ കമ്മിറ്റിയുടെ ശുപാർശ ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള തീരുമാനം 1-1-1968 നു് ശേഷമുള്ള കൈയ്യേറക്കാരെ ഒഴിപ്പിക്കാനാണു്. അതാണു് ഗവണ്മെന്റിനെസംബന്ധിച്ചിടത്തോളം ബാധകമായിട്ടുള്ളതു്.

ശ്രീ. കെ. എ. ശിവരാമഭാരതി: മിച്ചഭൂമി കൈയടക്കിവച്ചിട്ടുള്ളതും അതുപോലെതന്നെ ഗവണ്മെന്റുവക പുറംപോക്കു ഭൂമി കൈയടക്കിവച്ചിട്ടുള്ളതുമായ ഭൂരഹിതർക്കു് ആ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി: മിച്ചഭൂമി പതിച്ചുകൊടുക്കുക എന്നുള്ളതുതന്നെയാണു് ഈ ഗവണ്മെന്റിന്റെ നയം. പക്ഷെ അതിനാവശ്യമായ നടപടികളും നടത്തികൊണ്ടിരിക്കുന്നതേയുള്ളു. മിച്ചഭൂമി വളരെ കുറുക്കമാണു്.

ശ്രീ. കെ. എം. ജോർജ്ജ്: മിച്ചഭൂമി എത്രയുണ്ടെന്നു് നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ലെന്നും അതു് എത്രയുണ്ടെന്നു് അറിഞ്ഞുകൂടെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഒരു വസ്തു ഉടമസ്ഥന്റെ കൈയിൽ ഒരു തുമ്പാ കൊടുത്തിട്ടു് അയാൾ ഒരു ദിവസം എത്ര കിളയ്ക്കുമോ അത്രയും സ്ഥലം ആ ഉടമസ്ഥനു് കൊടുത്തിട്ടു് ബാക്കിയുള്ളതു് മിച്ചഭൂമിയായി കണക്കാക്കുമെന്നു് മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു് പാർട്ടിയിലുള്ളവർക്കു് സ്റ്റഡിക്ലാസ്സു് നടത്തുന്നതായി അറിയുന്നതു് ശരിയാണോ? അങ്ങനെയാണെങ്കിൽ ആ പാർട്ടിയിൽ ആളും കുറയുമെന്നു് അറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. ജോജ്ജിനു് ആളെപിടിക്കാൻ നല്ലതുപോലെ അറിയാം. ഞങ്ങളുടെ പാർട്ടിയിലുള്ളവക്കു് ഇത്തരത്തിലുള്ള സ്റ്റഡിക്ലാസ്സു് ഒന്നും കൊടുത്തിട്ടില്ല. കെ. എം. ജോജ്ജിന്റെ പാർട്ടിയിലുള്ളവർക്കായിരിക്കും അങ്ങനെ സ്റ്റഡി ക്ലാസ്സു് കൊടുത്തിട്ടുള്ളതു്. ഗവണ്മെൻറിന്റെ നയത്തെപ്പറ്റി പരസ്യമായിട്ടു തന്നെ വ്യവസ്ഥകംക്കൊള്ളിച്ചു ബില്ലുവന്നിട്ടുണ്ടു്. അതു് പരസ്യമായിട്ടതന്നെ അംഗീകരിക്കുകയും ചെയ്യും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇപ്പോഴും ഭൂമിയിൽ കൈയ്യേറിയാൽ മാർക്കസിസ്റ്റു് കാർ ഇറക്കിവിടുമെന്നും ഒരാഴ്ച കഴിഞ്ഞാൽ ഭൂമിയിൽ കൈയ്യേറുന്നതിനുള്ള സൗകര്യം ഉണ്ടാകുമെന്നും കേരളകോൺഗ്രസ്സു് പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: അതും നോട്ടീസു് കൂടാതെ. എനിക്കു് പറയുവാൻ പറ്റുകയില്ല.

ശ്രീ. എ. വി. ആര്യൻ : ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട അംഗത്തിന്റെ കൈവശം ഇരിക്കുന്ന പുറംപോക്കുഭൂമി കയ്യേറ്റം നടത്തിയതിനെപ്പറ്റി ഒരു കേസു് നിലവിലുള്ളതായി അറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഇങ്ങനെ ഓരോരോ കഥകൾ ചോദിക്കുകയാണെങ്കിൽ അതിനെല്ലാം ഉത്തരം പറയാൻ വലിയ വിഷമമാണു്.

ശ്രീ. എം. എം. തോമസ്സു് : സീലിംഗ് ഏരിയായിൽ അധികമുള്ള ഭൂമി നിയമപ്രകാരം സർക്കാർ എടുത്തു വിതരണം ചെയ്യുന്നതാണോ സൗകര്യം, അതോ അതു് ഭൂമിയില്ലാത്തവരുടെ കൈവശം കൊടുക്കുന്നതാണോ സൗകര്യം? അതിനെപ്പറ്റി സർക്കാരിന്റെ നയം എന്താണു്?

മി. സ്പീക്കർ: സർക്കാരിന്റെ നയംതന്നെയാണു് പറഞ്ഞതു്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു്: സഭയുടെ പരിഗണനയിലിരിക്കുന്ന ലാൻഡ് റിഫോംസ് അമെൻറുമെൻറു ബില്ലിലെ വ്യവസ്ഥപ്രകാരം 1969 ജൂലൈവരെയുള്ള കൈമാറ്റങ്ങൾ സാധുവാണെന്നു് എഴുതിവച്ചിട്ടുള്ള സ്ഥിതിക്കു് വളരെയൊന്നും മിച്ചഭൂമി ഉണ്ടാകുകയില്ലെന്നറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. നമ്പൂതിരിപ്പാടിനെപ്പോലെയുള്ളവർ ഇതു് പറയുന്നതിൽ വലിയ ഖേദമുണ്ടു്. 1963 ൽ കൊണ്ടുവന്നിട്ടുള്ള ബില്ലിലെ വ്യവസ്ഥകൾ ഒന്നും മാറ്റിയിട്ടില്ല. ആ വകുപ്പു് അതുപോലെ നിൽക്കുന്നുണ്ടു്. സബ്ക്ലാസ്സു് 2 ആയിട്ടു് ഒരു പുതിയ ക്ലാസ്സു് കമ്പനികളെ കൂടി ഉൾപ്പെടുത്തികൊണ്ടു് എഴുതിച്ചേർത്തിട്ടുണ്ടു്. കൂടുതൽ വിസ്തീർണ്ണം സീലിംഗിൽ കൊണ്ടുവന്നിട്ടു് കൈമാറ്റങ്ങൾ എല്ലാം അസാധുവാക്കി. അതുകൊണ്ടു സെലക്ടുകമ്മറ്റി റിപ്പോർട്ടു പ്രസിദ്ധീകരിച്ച ദിവസംമുതൽ ചെയ്യുന്ന കൈമാറ്റങ്ങളെല്ലാംതന്നെ അസാധുവാണു് കമ്പനികളെ സംബന്ധിച്ചു്.

ശ്രീ. കെ. എം. മാണി : ഭൂപരിഷ്കരണ ഭേദഗതി ബിൽ പാസായി അതിന്റെ അടിസ്ഥാനത്തിൽ കിട്ടുന്ന മിച്ചഭൂമി ന്യായമായ രീതിയിൽ വിതരണം ചെയ്യുന്നതിനുവേണ്ടി, അതിനുമുമ്പു ഏതെങ്കിലും പാർട്ടിയിലുള്ളവരായാലും സംഘടിതമായിട്ടോ കൂട്ടായിട്ടോ മിച്ചഭൂമികയ്യേറ്റം നടത്തുകയാണെങ്കിൽ അതിനെ തടയുന്നതിനു് സത്വരമായ നടപടികൾ എടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി : ശ്രീ. മാണി വരാൻപോകുന്ന കാര്യങ്ങളെക്കുറിച്ചു് പറയുകയാണു്. നിയമം വേഗം നടപ്പിലാക്കണമെന്നാണു് ഗവണ്മെൻറു വിചാരിക്കുന്നതു്. നിയമം നടപ്പിലാക്കി അതു് വരുന്ന അവസരത്തിൽ ഗവണ്മെൻറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് നിയമസമാധാനം സംരക്ഷിക്കുന്നതിനു് ആവശ്യമായ നടപടി യെന്താണു് എന്നു് അന്നു പരിശോധിക്കാം.

ശ്രീ. പി. കെ. രാഘവൻ : നമ്മുടെ സംസ്ഥാനത്തെ ഭൂരഹിതരായ കർഷക തൊഴിലാളികൾക്കു് അർഹമായ ഒരു സ്കീമാണു് ഇതെന്നു് ഗവണ്മെന്റു് വിചാരിക്കുന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : പണ്ടു് കയ്യേറം നടത്തിയിട്ടുള്ളതെല്ലാംതന്നെ വലിയ വലിയ പണക്കാരാണു്. അവരെല്ലാംതന്നെ കയ്യേറ്റം നടത്തിയിട്ടു് ആ ഭൂമികൾ വിൽക്കുകയാണു് ചെയ്യുന്നതു്. ഈ ഗവണ്മെന്റു് വന്നതിനുശേഷം, ഈ ഗവണ്മെന്റു് പാവപ്പെട്ടവരോടും ഹരിജനങ്ങളോടും അനുകമ്പ കാണിക്കുന്നുവെന്നു് കണ്ടപ്പോൾ പാവപ്പെട്ടവരും ഹരിജനങ്ങളും ഇപ്പോൾ കുറച്ചു കയ്യേറ്റം നടത്തുന്നുണ്ടു്. കയ്യേറ്റം നടത്തുന്നതിന്റെ ഫലമായിട്ടു് അർഹതയുള്ളവർക്കു് ഭൂമി കിട്ടുന്നതിനു് വലിയ പ്രയാസം ഉണ്ടാകും.

ശ്രീ. ബി. മാധവൻനായർ : 1963 നു് ശേഷം മിച്ച ഭൂമി തിട്ടപ്പെടുത്തുന്നതി നാവശ്യമായ നടപടികളും സംസ്ഥാന ഗവണ്മെന്റു് സ്വീകരിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ എത്ര മിച്ചഭൂമി ഉണ്ടെന്നു് ഗവണ്മെന്റിനു് തിട്ടപ്പെടുത്താനും സാധിച്ചിട്ടില്ല. ഇപ്പോൾ ഇവിടെ പരിഗണനയിലിരിക്കുന്ന ലാൻഡ് റിഫോംസ് അമെൻഡുമെന്റു് ബിൽ പാസായാൽ മിച്ചഭൂമി തിട്ടപ്പെടുത്താനുള്ള മെഷീനറി ഏർപ്പെടുത്താൻ സാധിക്കും, അതിനുവേണ്ടി കാത്തിരിക്കാതെ ഇപ്പോഴുള്ള ബില്ലിലെ വ്യവസ്ഥയനുസരിച്ചും ഭേദഗതി ചെയ്യുന്ന ബില്ലിലെ വ്യവസ്ഥയനുസരിച്ചും സംസ്ഥാനത്തു് എത്ര മിച്ചഭൂമിയുണ്ടെന്നു് തിട്ടപ്പെടുത്തുന്നതിനു് അടിയന്തിരമായ ഒരു മെഷീനറി ഏർപ്പെടുത്തുമോ ?

ശ്രീമതി കെ. ആർ. ഗൗരി : പഴയ ബില്ലനുസരിച്ചു് മിച്ചഭൂമി എത്രയുണ്ടെന്നു് തിട്ടപ്പെടുത്താൻ കാലമായിട്ടില്ല. മിച്ചഭൂമി തിട്ടപ്പെടുത്തണമെങ്കിൽ കുടിയാൻ എത്രയോളം വാങ്ങിക്കാമെന്നുള്ളതിനെപ്പറ്റിയുള്ള പ്രൊവിഷൻ നടപ്പിലാക്കണം. ആ പ്രൊവിഷൻ നടപ്പിലാക്കാതെ മിച്ചഭൂമിയെപ്പറ്റി തീരുമാനിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണു് ആ നിയമം ഭേദഗതി ചെയ്യേണ്ടിവന്നതും, ഭേദഗതി ചെയ്തതും. പലരും ആരോപണം ഉന്നയിക്കുന്നു ഈ ഗവണ്മെന്റും ഒന്നും ചെയ്തിട്ടില്ല, ഒന്നും ചെയ്തിട്ടില്ല എന്നു്. ഗവണ്മെന്റിനു് ചെയ്യാൻ സാധിക്കാത്ത ഒന്നും ചെയ്തിട്ടില്ല. ആവശ്യമായ ഭേദഗതികളും എന്താണെന്നു് നോക്കി അതനുസരിച്ചുള്ള നിയമമാണു് കൊണ്ടുവന്നിട്ടുള്ളതു്.

സ്പെഷ്യലിസ്റ്റു് അദ്ധ്യാപകർ

* 211. [735] ശ്രീ. എ. വി. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ നടപ്പാക്കിയ ശമ്പളപരിഷ്കരണത്തിൽ ഹൈസ്കൂളിലെ സ്പെഷ്യലിസ്റ്റു് അദ്ധ്യാപകർക്കു് നൽകിയിട്ടുള്ള സ്കെയിലും ഫസ്റ്റു് ഗ്രേഡും 1958-ൽ പ്രൈമറി വിഭാഗത്തിൽനിന്നും പ്രൊമോട്ടു് ചെയ്ത അല്പം ചില സ്പെഷ്യലിസ്റ്റു് അദ്ധ്യാപകർക്കു മാത്രമേ അനുവദിച്ചിട്ടുള്ള എന്നതു് ശരിയാണോ ;

(ബി) ആണെങ്കിൽ, ഈ ആനുകൂല്യങ്ങളും കൂടുതൽ ഉയർന്ന യോഗ്യതകളോടെ, 1958-നു് മുമ്പുതന്നെ മലബാർ പ്രദേശത്തെ ഹൈസ്കൂളുകളിൽ നിയമിതരായ സ്പെഷ്യലിസ്റ്റു് അദ്ധ്യാപകന്മാർക്കും ബാധകമാക്കാതിരിക്കുവാൻ കാരണമെന്തു് ;

(സി) അവർക്കും ഈ ആനുകൂല്യങ്ങളും ലഭിക്കുവാൻ തക്ക നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly